## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1619 — 11.2.2013-ൽ മറുപടിക്ക്

### നഗരങ്ങളിലെ ഖരമാലിന്യങ്ങളുടെ ഫലപ്രദമായ നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ ഖരമാലിന്യങ്ങളുടെ ഫലപ്രദമായ നിർമ്മാർജ്ജനത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) നഗരങ്ങളിലെ ഖരമാലിന്യം ഫലപ്രദമായി സംസ്കരിക്കുന്നതിന് പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പുതിയതായി സ്ഥാപിക്കുന്നതിനും പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിലെ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായിട്ടുള്ള വലിയ നഗരസഭകളിലും കോർപ്പറേഷനുകളിലും നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ ലക്ഷ്യമിടുന്ന (തിരുവനന്തപുരത്ത് ചാല, കോട്ടയത്ത് വടവാതൂർ, എറണാകുളത്ത് ബ്രഹ്മപുരം, തൃശ്ശൂരിൽ ലാലൂർ, കോഴിക്കോട്ട് ഞെളിയൻപറമ്പ്, കണ്ണൂരിൽ ചെലോറ എന്നിവിടങ്ങളിൽ) നവീന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ എടുക്കുകയും ആയത് നടപ്പിലാക്കാൻ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി പി പി) അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനും നടപടികൾ ശുചിത്വ മിഷൻ വഴി കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ തിരുവനന്തപുരത്തെ നവീന പ്ലാന്റിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തപ്പെടുന്നമാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി ഉറവിടത്തിൽതന്നെ മാലിന്യം സംസ്ക്കരിക്കുന്നതിനും നടപടികൾ എടുത്തു വരുന്നു. ആയതിന് ലഘുവായ സാങ്കേതിക വിദ്യകൾ അംഗീകരിക്കാനും അവയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കാനും അവയ്ക്കുള്ള സബ്സിഡി കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90% ആയി ഉയർത്താനും ബയോ ഗ്യാസ് പ്ലാന്റുകൾക്ക് 75% ആയി ഉയർത്താനും കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷത്തിൽ 25.5 കോടി രൂപ ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉറവിട മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കാനായി നൽകാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| ബി) | സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ, സംസ്ഥാനത്തെ മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കാൻ ഏതെങ്കിലും ഏജൻസി സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസി മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) | ഇല്ല. |
| സി) | 2013-14 സാമ്പത്തിക വർഷം, സംസ്ഥാനത്തെ മാലിന്യ സംസ്കരണം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാമാണ് ? | സി) | ഖരമാലിന്യ സംസ്ക്കരണത്തിനായി പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പുതിയതായി സ്ഥാപിക്കുന്നതിനും നിലവിലെ പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും ഉള്ള പദ്ധതിക്കും ഉറവിട മാലിന്യ സംസ്ക്കരണത്തിന് പ്രോത്സാഹനം നൽകാനായി സബ്സിഡി തുകയും ഉൾപ്പെടുത്തിയാണ് 2013-14 വർഷത്തെ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ